# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2492 08.05.2017 -ലെ മറുപടി

## നദീ സംരക്ഷണ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.ഉമ്മർ | | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ നദികളുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ നദികളുടെ ശോച്യാവസ്ഥ സംബന്ധിച്ച് ജലസേചനവകുപ്പിന്റെ നേതൃത്വത്തിൽ പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ, കേരളത്തിലെ നദികളെക്കുറിച്ച് കോഴിക്കോട് ആസ്ഥാനമായിട്ടുള്ള "സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് ഡെവലപ്മെന്റ്" എന്ന സ്ഥാപനം വിവിധ പഠനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരത്തെ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (സെസ്സ്)-നിലവിൽ 'എൻസെസ്സ്' എന്ന സ്ഥാപനവും പഠനങ്ങൾ നടത്തിയിട്ടുണ്ട്. നദികളിലെ ജലഗുണനിലവാരം വളരെ താഴ്ന്നതാണെന്നും, നദികളിലെ മണൽ നഷ്ടപ്പെട്ടതുകാരണം നീരൊഴുക്ക് സ്ഥായിയായി നിലനിൽക്കുന്നില്ല എന്നും, കൂടാതെ തീരങ്ങൾ ഇടിയുന്നതും തീരസസ്യങ്ങൾ നശിക്കുന്നതും നദിയുടെ ജൈവശോഷണത്തിന് കാരണമാകുന്നു എന്ന നിരീക്ഷണവും പഠന റിപ്പോർട്ടുകളിലുണ്ട്. |
| (ബി) | നിലവിലുള്ള നദികളുടെ സംരക്ഷണ ത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) നദികളുടെ സംരക്ഷണം ഉറപ്പാക്കി നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായി തടയണകൾ റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. റവന്യൂ/തദ്ദേശ സ്വയംഭരണ വകുപ്പുകൾ മണൽവാരുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി നദികളുടെ സമഗ്ര സംരക്ഷണം ലക്ഷ്യമിട്ട് നീർത്തട മാസ്റ്റർ പ്ലാനുകൾ ഉണ്ടാക്കി, നദികളുടെ വൃഷ്ടിപ്രദേശത്ത് ജല- മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നത് വഴി നദികളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിന് കഴിയും. ഈ വർഷത്തെ ബഡ്ജറ്റിൽ നദികളുടെ നീരൊഴുക്ക് നിയന്ത്രിച്ച്, നദീതീരങ്ങൾക്ക് ഉയരമുള്ള പ്രദേശങ്ങളിൽ ജലം സംഭരിച്ച് |

നദികളിലെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനായി റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശമുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ